**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1062 20.03.2012- ൽ മറുപടിക്ക്**

**സംസ്ഥാനത്തെ ദുരന്തനിവാരണ അതോറിട്ടിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഐ.സി ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ; | (എ) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2007 ലാണ് രൂപീകരിച്ചത്. 2005 ലെ ദുരന്ത നിവാരണ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനും, അവ നടപ്പിലാക്കുന്നതിനും ആവശ്യമായ ഫണ്ട് കണ്ടെത്തുക.<br>2. സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം.<br>3. സംസ്ഥാന/ജില്ലാ അടിയന്തിര പ്രതികരണ കേന്ദ്രങ്ങളുടെ ശാക്തീകരണം.<br>4. സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ രൂപീകരണം.<br>5. ദുരന്ത നിവാരണത്തെപ്പറ്റിയുള്ള ബോധവത്കരണം.<br>6. ദുരന്ത നിവാരണ ലഘൂകരണത്തിന്റെ മുഖ്യധാരാവല്കരണം.<br>7. ദുരന്ത നിവാരണ ഫണ്ട് സംപുഷ്ടമാക്കൽ.<br>8. സാമൂഹ്യാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതികൾ പഞ്ചായത്ത് തലങ്ങളിൽ നടപ്പിലാക്കുക. |
| (ബി) | ഇതിനായി ഒരു പദ്ധതിക്ക് രൂപം നൽകി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ; | (ബി) & (സി) | ഇതിനായി സംസ്ഥാന സർക്കാർ മേൽ വിവരിച്ച ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി കൊണ്ട് 1476.3 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ എന്തെല്ലാം നടപടികൾ ഇതിനോടകം എടുത്തിട്ടുണ്ട് ? | | |

സെക്ഷൻ ഓഫീസർ